No.1156/3LLB/2014/TA2/CEE

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## കേരളത്തിലെ സർക്കാർ ലോ കോളേജുകളിലേയും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2014–15 ലെ ത്രിവൽസര എൽഎൽ.ബി. കോഴ്സിലേയ്ക്കുള്ള അവസാന ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ്

കേരളത്തിലെ 4 ഗവൺമെന്റ് ലോ കോളേജുകളിലേയും 6 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2014–15 വർഷത്തെ ത്രിവത്സര എൽ.എൽ.ബി കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള അവസാന ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ് **24.10.2014 (വെള്ളിയാഴ്ച)** പ്രസിദ്ധീകരിക്കുന്നതാണ്.

വിദ്യാർത്ഥികൾക്ക് **21.10.2014** മുതൽ **23.10.2014 വൈകുന്നേരം 5 മണി** വരെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ പുന:ക്രമീകരിക്കുകയും ആവശ്യമില്ലാത്ത ഹയർ ഓപ്ഷനുകൾ റദ്ദാക്കുകയും ചെയ്യാവുന്നതാണ്.

ഒന്നാം ഘട്ട അലോട്ടുമെന്റിൽ ലഭിച്ച അഡ്മിഷൻ തൃപ്തികരമാണെങ്കിൽ വിദ്യാർത്ഥികൾ തങ്ങളുടെ എല്ലാ ഹയർ ഓപ്ഷനുകളും റദ്ദ് ചെയ്യേണ്ടതാണ്.

**വിശദമായ അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| **21.10.2014** | നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു |
| **23.10.2014** വൈകുന്നേരം 5 മണി | ഓപ്ഷനുകൾപുന:ക്രമീകരിക്കുന്നതിന്/റദ്ദാക്കുന്നതിന് ഉള്ള സൗകര്യം അവസാനിക്കുന്നു |
| **24.10.2014** | **അവസാന ഘട്ട അലോട്ടുമെന്റ്** |
| **25.10.2014, 27.10.2014, 28.10.2014** | വിദ്യാർത്ഥികൾ അലോട്ടുമെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം |
| **28.10.2014** വൈകുന്നേരം 5.30 ന് | കോളേജ് പ്രിൻസിപ്പൽമാർ നോൺജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായും അതിന്റെ പ്രിൻൗട്ട് ഫാക്സ് മുഖേനയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നൽകണം |

**ഫീസ്:**

സർക്കാർ ലോ കോളേജുകളിൽ അടക്കേണ്ട ഒന്നാം വർഷ ട്യൂഷൻ ഫീസ് **1500/– രൂപ** യാണ്. സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിൽ അടക്കേണ്ട ഒന്നാം വർഷ ട്യൂഷൻ ഫീസ് **20000/– രൂപ**യും തിരികെ ലഭിക്കുന്ന നിക്ഷേപത്തുക **50000/– രൂപ**യുമാണ്.

സർക്കാർ ലോ കോളേജുകളിലേയും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2014 ലെ ത്രിവത്സര എൽ.എൽ.ബി കോഴ്സ് പ്രവേശനത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള വിശദമായ ഫീസ് ഘടനയുടെ ഉത്തരവുകൾ യഥാക്രമം G.O.(Ms)No.577/2013/H.Edn dated 17.08.2013, G.O.(Ms)No.630/2013/H.Edn dated 28.09.2013 **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. 2014 ലെ ത്രിവത്സര എൽഎൽ.ബി കോഴ്സിന്റെ വാർഷിക ട്യൂഷൻ

ഫീസ്, മറ്റു ഫീസ്, ഡെപ്പോസിറ്റ് എന്നിവ അലോട്ടുമെന്റ് ലഭിക്കുന്ന കോളേജുകളിൽ തന്നെ അഡ്മിഷൻ സമയത്ത് ഒടുക്കേണ്ടതാണ്.

അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് പ്രോസ്പെക്ടസ് ഖണ്ഡിക **6** ൽ പറയുന്ന യോഗ്യത നേടിയിരിക്കണം.

**അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ:**

1. പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്.
2. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന അലോട്ടുമെന്റ് ലെറ്റർ.
3. എസ്.എസ്.എൽ.സി/ജനന തിയതി തെളിയിക്കുന്ന മറ്റു രേഖകൾ.
4. യോഗ്യതാ പരീക്ഷയുടെ മാർക്ക്ലിസ്റ്റുകളും പാസ് സർട്ടിഫിക്കറ്റും (അസ്സൽ).
5. വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും.
6. അടുത്തകാലത്തെടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ.
7. സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന അപേക്ഷകർ അതത് സ്ഥാപന മേധാവിയിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.
8. കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ/ബോർഡുകളിൽ നിന്ന് യോഗ്യതാ പരീക്ഷ പാസ്സായ അപേക്ഷകർ പ്രസ്തുത പരീക്ഷകൾ അംഗീകരിച്ചിട്ടുള്ളതായി കേരളത്തിലെ ഒരു യൂണിവേഴ്സിറ്റി നൽകുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
9. മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും യോഗ്യത നേടിയ വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

***നിർദ്ദിഷ്ട തിയതികളിൽ കോളേജുകളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികൾക്ക് നിലവിലുള്ള അലോട്ടുമെന്റ് നഷ്ടപ്പെടുന്നതാണ്.***

അവസാന ഘട്ട അലോട്ടുമെന്റിൽ ഹയർ ഓപ്ഷനിലേക്ക് അലോട്ടുമെന്റ് ലഭിക്കുന്നവർ നിലവിലുള്ള കോളേജിൽ നിന്നും ടി.സിയും അനുബന്ധ രേഖകളും കോളേജിൽ പ്രവേശനം നേടിയ സമയത്ത് അടച്ച തുകയും വാങ്ങിയശേഷം പുതിയ കോളേജിൽ നിർദ്ദിഷ്ട തീയതിക ളിൽ തന്നെ പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം അവർക്ക് നിലവിലുള്ള അഡ്മിഷനും നഷ്ടപ്പെടുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
**20.10.2014**

**പ്രവേശന പരീക്ഷാ കമ്മീഷണർ**